

# ഖുർആൻ ബോധനം

എല്ലാ പ്രവാചകന്മാരും ബലി നടത്തിയിട്ടുണ്ട് എന്നത് എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്ത ദൈവം ഒരു ദൈവം തന്നെയായിരുന്നുവെന്നതിന് തെളിവാകുന്നു. എല്ലാവരുടെയും ദൈവം ഒരൊറ്റ ദൈവമായതിനാൽ അവനു വേണ്ടി മാത്രമേ ബലികളർപ്പിക്കാവൂ. അവന്റെ മാത്രം ഉദ്ബോധനങ്ങളും വിധിവിലക്കുകളും അനുസരിക്കാനായി ജീവിതം സമർപ്പിക്കണം. അങ്ങനെയുള്ളവരാണ് അല്ലാഹുവിനോട് വിനയവും വണക്കവുമുള്ളവർ. അവർക്ക് പാരത്രിക വിജയത്തിന്റെ സുവിശേഷമുണ്ട്.

▸ എ.വൈ.ആർ

സൂറ-22

# അൽഹജ്ജ്

ذَٰلِكَ وَمَن يُعَظِّمْ شَعَٰٓئِرَ ٱللَّهِ فَإِنَّهَا مِن تَقْوَى ٱلْقُلُوبِ ٣٢

32. ഇതത്രെ മൗലിക പ്രധാനമായ കാര്യം. വല്ലവനും അല്ലാഹു നിശ്ചയിച്ച ചിഹ്നങ്ങളെ ആദരിക്കുന്നുവെങ്കിൽ അത് മനസ്സുകളുടെ ഭക്തിയിൽ നിന്നുള്ളതത്രേ.

لَكُمْ فِيهَا مَنَٰفِعُ إِلَىٰٓ أَجَلٍ مُّسَمًّى ثُمَّ مَحِلُّهَآ إِلَى ٱلْبَيْتِ ٱلْعَتِيقِ ٣٣

33. നിശ്ചിത അവധി വരെ ബലി മൃഗങ്ങളെ പ്രയോജനപ്പെടുത്താൻ നിങ്ങൾക്ക് അവകാശമുള്ളതാകുന്നു. അനന്തരം അവയുടെ ബലി സ്ഥലമായ ഈ പുണ്യ പുരാതന മന്ദിരത്തിങ്കലേക്കെത്തിക്കേണ്ടതാകുന്നു.

**32,33**

ذَٰلِكَ = ഇതത്രേ (മൗലിക പ്രധാനമായ കാര്യം)

وَمَن يُعَظِّمْ شَعَٰٓئِرَ ٱللَّهِ = വല്ലവനും അല്ലാഹുവിന്റെ ചിഹ്നങ്ങളെ ആദരിക്കുന്നുവെങ്കിൽ  فَإِنَّهَا = അത്

مِن تَقْوَى ٱلْقُلُوبِ = മനസ്സുകളുടെ ഭക്തിയിൽ നിന്നുള്ളതത്രേ

لَكُمْ فِيهَا مَنَٰفِعُ = നിങ്ങൾക്ക് അതിൽ പ്രയോജനങ്ങളുണ്ട്

(ബലിമൃഗങ്ങളെ പ്രയോജനപ്പെടുത്താൻ അവകാശമുള്ളതാകുന്നു)

إِلَىٰٓ أَجَلٍ مُّسَمًّى = നിശ്ചിത അവധി വരെ  ثُمَّ مَحِلُّهَآ = അനന്തരം അതിന്റെ ബലിസ്ഥലം (ആയ)

إِلَى ٱلْبَيْتِ ٱلْعَتِيقِ = ഈ പുണ്യ പുരാതന മന്ദിരത്തിങ്കലേക്ക് (എത്തിക്കേണ്ടത്) ആകുന്നു

നേരത്തേ 30-ാം സൂക്തത്തിൽ എന്നതുപോലെ ചർച്ചയുടെ പ്രധാന പോയിന്റാണ് ഇവിടെയും ذَٰلِكَ സൂചിപ്പിക്കുന്നത്. അവിടെ മുഖ്യ പ്രമേയം കഅ്ബയുടെ സ്ഥാപന ലക്ഷ്യമായിരുന്നുവെങ്കിൽ ഇവിടെ അത് ഭക്തിയും വിധേയത്വവും മറ്റാർക്കും പങ്കുവെക്കാതെ അല്ലാഹുവിനു മാത്രം സമർപ്പിക്കുക എന്നതാണ്. അതാണ് മൗലിക പ്രധാനമായ കാര്യം. شعيرة-ന്റെ ബഹുവചനമാണ് شعائر. ആരാധനാ ക്രമവും അനുഷ്ഠാന രീതിയും ചടങ്ങുകളുമൊക്കെയാണ് شعيرة. ഇത് شعار-ന്റെ ബഹുവചനവുമാകാം. ചിഹ്നം, അടയാളം, പതാക, മുദ്രാവാക്യം, പ്രതീകം, എംബ്ലം തുടങ്ങിയവയാണ് شعار. ഈ സന്ദർഭത്തിൽ شعائر-ന് അനുഷ്ഠാനക്രമം , ചിഹ്നം എന്നീ രണ്ടർഥവും സാധുവാകും. ഇവിടെ സൂചിപ്പിക്കുന്നത് ബലിമൃഗങ്ങളാണെന്ന് തുടർന്നുള്ള വാക്യത്തിൽ നിന്ന് സ്പഷ്ടമാകുന്നു. ബലിമൃഗങ്ങൾ ഒരു പ്രതീകവും ഒരു ആരാധനാ രീതിയുമാണല്ലോ. 30-ാം സൂക്തത്തിൽ പ്രസ്താവിച്ച حُرُمَـٰتِ ٱللَّهِ -യുടെ ഭാഗവുമാണ് شَعَـٰٓئِرَ ٱللَّهِ . അല്ലാഹു നിശ്ചയിച്ച പാവന ചിഹ്നങ്ങളോട് അല്ലെങ്കിൽ ആരധനാക്രമത്തോടുള്ള ആദരവ് കേവലം ബാഹ്യ പ്രകടനമായാൽ പോരാ. അത് ഭക്തി നിർഭരമായ ഹൃദയത്തിൽ നിന്ന് ഉറവെടുക്കുന്നതായിരിക്കണം. അവ പ്രതിനിധാനം ചെയ്യുന്ന ആശയദാർശങ്ങൾ ഓർക്കുകയും അതേപ്പറ്റി ചിന്തിക്കുകയും വേണം. ചിഹ്നങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും യാഥാർഥ്യങ്ങൾ ഗൗനിക്കാതെ ബാഹ്യ ചടങ്ങുകൾ മാത്രം നിർവഹിക്കുന്നതിലൂടെ അവയോടുള്ള ആദരവ് നിറവേറുന്നില്ല. ചിഹ്നങ്ങളും അനുഷ്ഠാനങ്ങളും ഉദ്ദിഷ്ടമായ സ്വാധീനം മനസ്സിലുളവാക്കുമ്പോഴേ അതിനോടുള്ള ആദരവ് സാർഥകമാകുന്നുള്ളൂ. വരുന്ന 37-ാം സൂക്തത്തിൽ അക്കാര്യം ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നു.

لَن يَنَالَ ٱللَّهَ لُحُومُهَا وَلَا دِمَآؤُهَا وَلَـٰكِن يَنَالُهُ ٱلتَّقْوَىٰ مِنكُمْ

(അവയുടെ മാംസമോ രക്തമോ അല്ലാഹുവിനെ പ്രാപിക്കുന്നില്ല. പ്രത്യുത അവനെ പ്രാപിക്കുന്നത് നിങ്ങളുടെ ഭയഭക്തിയാകുന്നു). ഇബ്റാഹീമി(അ)ന്റെ പുത്രബലിയുടെ അനുസ്മരണമാണല്ലോ ബലികർമം. മുസ്‌ലിം എപ്പോഴും തനിക്ക് ഏറ്റം പ്രിയപ്പെട്ടതിനെ അല്ലാഹുവിനു വേണ്ടി ബലികഴിക്കാൻ സന്നദ്ധനായിരിക്കണമെന്ന ആദർശം സാക്ഷാത്കരിക്കുകയായിരുന്നു ഇബ്റാഹീം(അ) തന്റെ നടപടിയിലൂടെ. ഈ യാഥാർഥ്യം മനസ്സിലുണർത്താതെ ഒരാൾ കാലിയുടെ കഴുത്തിൽ കത്തിയോടിക്കുന്നത് ബാഹ്യമായി ബലികർമമാകുമെങ്കിലും ആ മഹിത ചിഹ്നത്തിന്റെ ആത്മാവ് അയാളെ സ്പർശിക്കുന്നില്ല. അല്ലാഹുവുമായി അയാളെ ബന്ധിപ്പിക്കുന്നതാവട്ടെ, ഈ ആത്മാവു മാത്രമാകുന്നു; ബലിയുടെ രക്തമോ മാംസമോ അല്ല.

مَنَـٰفِعُ-ന്റെ അർഥം നേരത്തേ 28-ാം സൂക്തത്തിനു താഴെ വിശദമാക്കിയിട്ടുണ്ട്. മൃഗങ്ങളുടെ പാൽ, രോമം, ചാണകം, വാഹന യോഗ്യത, കാർഷികോപയോഗങ്ങൾ തുടങ്ങിയ പ്രയോജനങ്ങളാണ് ഇവിടെ ഉദ്ദേശ്യം. ബലിക്ക് നിശ്ചയിക്കപ്പെട്ട മൃഗങ്ങളുടെ ഇത്തരം ഫലങ്ങളൊന്നും ഉപയോഗപ്പെടുത്താൻ പാടില്ലെന്നായിരുന്നു ജാഹിലിയ്യാ വിശ്വാസം. ദൂരദിക്കുകളിൽ നിന്ന് ബലിയൊട്ടകങ്ങളുമായി ഹജ്ജിനു വരുന്നവർ ആ ഒട്ടകങ്ങളിൽ സവാരി ചെയ്യാതെ അവയോടൊപ്പം കാൽനടയായിട്ടാണ് സഞ്ചരിച്ചിരുന്നത്. ഇങ്ങനെ ഹജ്ജ് യാത്ര ചെയ്യുന്നവരെ കണ്ട നബി(സ) അവരോട് ഒട്ടകപ്പുറത്ത് സഞ്ചരിക്കാൻ നിർദേശിച്ചതായി ഹദീസുകളുണ്ട്.

أَجَلٍ مُّسَمًّى-നിശ്ചിത അവധി ബലികർമം നടത്താൻ നിശ്ചയിക്കപ്പെട്ട നാളുകളാണ്. അവ ഏതൊക്കെയാണെന്ന് നേരത്തേ 27-ാം സൂക്തത്തിന്റെ വിശദീകരണത്തിൽ പറഞ്ഞിട്ടുണ്ട്. مَحِلُّ -ന്റെ മറ്റൊരു ഭാഷ്യമാണ് مَحَل. കുറെ ആളുകൾ സമൂഹമായി വസിക്കുന്ന സ്ഥലമാണ് مَحِل . കേരളത്തിൽ മഹല്ലുകൾ സുപരിചിതമാണല്ലോ. مَحِلّ -ന് ബാധ്യത വീട്ടേണ്ട അവധി, ലക്ഷ്യസ്ഥാനം എന്ന അർഥങ്ങൾ കൂടിയുണ്ട്. ٱلْبَيْتِ ٱلْعَتِيقِ-ന് മുമ്പ് إلى എന്ന പ്രത്യയം വന്നത് ഇവിടെ എത്തിക്കുക എന്നോ എത്തിച്ച് ബലി കഴിക്കുക എന്നോ അർഥമുള്ള ഒരു വാക്ക് അനുക്തമായിട്ടുണ്ടെന്ന് സൂചിപ്പിക്കുന്നു. ബലിദിനം വരെ ബലിമൃഗങ്ങളിൽ നിന്നുള്ള പ്രയോജനങ്ങളെല്ലാം എടുക്കാം, ബലിദിനമായാൽ ഹറമിലെത്തിച്ച് ബലിയറുക്കണം എന്നാണ് സൂക്ത താൽപര്യം. إِلَى ٱلْبَيْتِ ٱلْعَتِيقِ -പുണ്യ പുരാതന മന്ദിരത്തിങ്കലേക്ക് എന്ന് പറഞ്ഞത് ബലിമൃഗങ്ങളെ കഅ്ബയിലേക്ക് കൊണ്ടുവന്ന് ബലി നടത്തണം എന്ന അർഥത്തിലല്ല, കഅ്ബയുടെ സാന്നിധ്യം കൊണ്ട് പവിത്രമായ ദേശത്ത് കൊണ്ടുവന്ന് ബലി കഴിക്കണമെന്നാണർഥം. കഅ്ബക്കകത്തോ, പുറത്ത് മസ്ജിദുൽ ഹറാമിന്റെ പരിധിയിലോ ബലി നടത്താറില്ല. ഇന്ന് അതിന് മസ്ജിദുൽ ഹറാമിനു പുറത്ത് പ്രത്യേക സ്ഥലം സജ്ജീകരിച്ചിട്ടുണ്ട്. ■

وَلِكُلِّ أُمَّةٍ جَعَلْنَا مَنسَكًا لِّيَذْكُرُوا۟ ٱسْمَ ٱللَّهِ عَلَىٰ مَا رَزَقَهُم مِّنۢ بَهِيمَةِ ٱلْأَنْعَـٰمِ ۗ فَإِلَـٰهُكُمْ إِلَـٰهٌ وَٰحِدٌ فَلَهُۥٓ أَسْلِمُوا۟ ۗ وَبَشِّرِ ٱلْمُخْبِتِينَ ٣٤

34. എല്ലാ സമുദായത്തിനും അല്ലാഹു അവർക്കേകിയ നാൽക്കാലികളെ അവന്റെ നാമത്തിൽ ബലിയർപ്പിക്കാൻ ഒരു ബലിക്രമം നിശ്ചയിച്ചുകൊടുത്തിരിക്കുന്നു. ആകയാൽ നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു. അവനു മാത്രം സമർപ്പിതരാകുവിൻ. വണക്കമുള്ളവർക്ക് സുവിശേഷം!

# ഖുർആൻ ബോധനം

**34**

നാം ആക്കി (നിശ്ചയിച്ചു കൊടുത്തിരിക്കുന്നു) = جَعَلْنَا എല്ലാ സമുദായത്തിനും = وَلِكُلِّ أُمَّةٍ

ആരാധനാ ക്രമം (ബലിക്രമം) = مَنسَكًا

അവർ അല്ലാഹുവിന്റെ നാമം സ്മരിക്കാൻ (അവന്റെ നാമത്തിൽ ബലിയർപ്പിക്കാൻ) = لِيَذْكُرُوا اسْمَ اللَّهِ

കാലിക(ളെ)ളാൽ = مِّن بَهِيمَةِ الْأَنْعَامِ അവർക്ക് ഏകിയതിന്മേൽ = عَلَىٰ مَا رَزَقَهُم

ഏകദൈവമാകുന്നു = إِلَٰهٌ وَاحِدٌ ആകയാൽ നിങ്ങളുടെ ദൈവം = فَإِلَٰهُكُمْ

അതുകൊണ്ട് അവന് മാത്രം നിങ്ങൾ അനുസരിക്കുന്നവരാകുവിൻ, സമർപ്പിതരാകുവിൻ = فَلَهُ أَسْلِمُوا

(അവനോട്) വണക്കമുള്ളവർക്ക് = الْمُخْبِتِينَ നീ സുവാർത്ത അറിയിക്കുക (സുവിശേഷം) = وَبَشِّرِ

സമുദായം കൊണ്ട് ഇവിടെ വിവക്ഷിക്കുന്നത് പ്രവാചകന്മാർ പ്രബോധനം ചെയ്ത ധർമ സംഹിത സ്വീകരിച്ച ജനതയാണ്. منسك-ന്റെ മൂലപദം نسك ആണ്. ആരാധനാക്രമം, അനുഷ്ഠാനം, ഹജ്ജ് ചടങ്ങുകൾ, ബലി എന്നീ ആശയങ്ങൾ വഹിക്കുന്നതാണ് نسك. നുസുകിന്റെ സ്ഥലനാമം (اسم مكان) ആണ് മൻസക്. إِنَّ صَلَاتِي وَنُسُكِي എന്നാൽ എന്റെ നമസ്കാരവും മറ്റു ആരാധനകളും (6:162) എന്നും, وَأَرِنَا مَنَاسِكَنَا എന്നാൽ ഹജ്ജ് കർമങ്ങൾ ഞങ്ങളെ പഠിപ്പിക്കേണമേ (2:128) എന്നും لِّكُلِّ أُمَّةٍ جَعَلْنَا مَنسَكًا هُمْ نَاسِكُوهُ -എന്നാൽ നാം എല്ലാവർക്കും ഒരു ആരാധനാ വ്യവസ്ഥ നിശ്ചയിച്ചിരിക്കുന്നു, അവരതനുഷ്ഠിച്ചുവരുന്നു -. 22:67) എന്നും ആണ് താൽപര്യം. فَفِدْيَةٌ مِّن صِيَامٍ أَوْ صَدَقَةٍ أَوْ نُسُكٍ എന്ന വാക്യത്തിലെ نسك നസ്ക് മൃഗബലിയാണ്. ഇവിടെ نسك കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് ബലി നിയമമാണെന്ന് തുടർന്ന് വരുന്ന لِّيَذْكُرُوا اسْمَ اللَّهِ എന്നവാക്യത്തിൽ നിന്ന് വ്യക്തമാകുന്നു. വചന താൽപര്യമിതാണ്: മൃഗബലി ദൈവിക ശരീഅത്തുകളിൽ പണ്ടു പണ്ടേയുള്ള ഒരു ആരാധനാ രൂപമാണ്. എല്ലാ പ്രവാചകന്മാരുടെയും സമുദായങ്ങൾക്ക് അല്ലാഹു ഈ അനുഷ്ഠാനം കൽപിച്ചിട്ടുണ്ടായിരുന്നു. അല്ലാഹുവിന്റെ ദാസന്മാർ അവന്റെ അനുഗ്രഹത്താൽ ലഭിച്ച കാലികളുടെ പേരിൽ അവനോട് നന്ദി കാണിക്കാനുള്ള കടമ ഈ രീതിയിൽ നിർവഹിക്കണമെന്നാണതിന്റെ താൽപര്യം. തൗറാത്തും ഖുർആനും ഉദ്ധരിക്കുന്ന, ആദം പുത്രന്മാരായ ഹാബീൽ-ഖാബീൽമാരുടെ ബലികഥ തന്നെ മനുഷ്യാരംഭം മുതലേ ബലികർമം വിശിഷ്ട ആരാധനാരൂപമായി ആചരിക്കപ്പെട്ടിരുന്നുവെന്നതിന് മതിയായ സാക്ഷ്യമാകുന്നു. പല കാലങ്ങളിൽ വന്ന പ്രവാചകന്മാരുടെ ശരീഅത്തുകളിലുണ്ടായ മാറ്റങ്ങളനുസരിച്ച് ബലിയുടെ നിയമങ്ങളിലും ചിട്ടകളിലും മാറ്റമുണ്ടായിട്ടുണ്ടാവാം. എങ്കിലും അവയെല്ലാം ദൈവകൽപിതമായിരുന്നു. എല്ലാ പ്രവാചകന്മാരും ബലി നടത്തിയിട്ടുണ്ട് എന്നത് എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്ത ദൈവം ഒരു ദൈവം തന്നെയായിരുന്നുവെന്നതിന് തെളിവാകുന്നു. എല്ലാവരുടെയും ദൈവം ഒരൊറ്റ ദൈവമായതിനാൽ അവനു വേണ്ടി മാത്രമേ ബലികളർപ്പിക്കാവൂ. അവന്റെ മാത്രം ഉദ്ബോധനങ്ങളും വിധിവിലക്കുകളും അനുസരിക്കാനായി ജീവിതം സമർപ്പിക്കണം. അങ്ങനെയുള്ളവരാണ് അല്ലാഹുവിനോട് വിനയവും വണക്കവുമുള്ളവർ. അവർക്ക് പാരത്രിക വിജയത്തിന്റെ സുവിശേഷമുണ്ട്.

അല്ലാഹുവിന്റെ ഔദാര്യത്താൽ ലഭിച്ച കാലികളെ അവന്റെ പ്രീതി തേടിക്കൊണ്ട് അവന്റെ മുമ്പിൽ തന്നെ സമർപ്പിക്കുന്നതിലൂടെ ആ അനുഗ്രഹത്തിന് നന്ദി കാണിക്കുക എന്നതാണ് ബലി നിയമമാക്കപ്പെട്ടതിന്റെ ആന്തരാർഥമെന്ന് വ്യക്തമാക്കുകയാണ് لِّيَذْكُرُوا اسْمَ اللَّهِ ...... بَهِيمَةِ الْأَنْعَامِ എന്ന വാക്യം. അതിൽ അല്ലാഹുവല്ലാത്ത ആരെയെങ്കിലും പങ്കാളിയാക്കിയിട്ടുണ്ടെങ്കിൽ അത് ദൈവികധർമത്തെ സ്വേഛാനുസാരം തിരുത്തുന്നവർ ചെയ്ത അതിക്രമമാണ്. ദൈവിക ദീനുമായി അതിന് യാതൊരു ബന്ധവുമില്ല. مخبتين-നെയാണ് വണക്കമുള്ളവർ എന്ന് തർജമ ചെയ്തിരിക്കുന്നത്. خبت -ൽ നിന്നുള്ള കർതൃപദമാണ് مخبت. താഴ്ന്ന സ്ഥലമാണ് خبت. താഴോട്ടുള്ള പാത സ്വീകരിക്കുന്നവനാണ് ഭാഷാർഥത്തിൽ مخبت. ഇത് مصعد (മേലോട്ടു കയറുന്നവൻ)ന്റെ വിപരീതമാണ്. വിനീതൻ, വിധേയൻ, ആജ്ഞാനുവർത്തി, അടക്കമുള്ളവൻ, ശാന്ത മനസ്കൻ എന്നൊക്കെയാണ് مخبت -ന്റെ പ്രയോഗാർഥം. ولہ اسلموا എന്ന കൽപന കൈക്കൊണ്ടവരെയാണിവിടെ مخبتين എന്നു വിളിക്കുന്നത്. പദത്തിന്റെ മേൽപറഞ്ഞ എല്ലാ അർഥങ്ങളും ഉദ്ദേശിച്ചുകൊണ്ടുള്ളതാണാ വിശേഷണം. അല്ലാഹുവിന് സമർപ്പിതരായി അവന്റെ ആജ്ഞാ നിരോധങ്ങൾ ശിരസാ വഹിക്കുന്ന വിനീത വിധേയരാണ് ശാന്തിയും സമാധാനവുമുള്ള ദൈവദാസന്മാർ. യഥാർഥ മുഅ്മിനുകളും മുസ്‌ലിംകളും അവരാണ്. അവർക്കാണ് ദൈവപ്രീതിയുടെയും സ്വർഗത്തിന്റെയും സുവിശേഷം. ■